# സെന്റ് മേരീസ് എൽ.പി. സ്കൂൾ
# തീക്കോയി



**2025 -2026**

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം


- ആമുഖം
- പൊതു ലക്ഷ്യങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- ഉപസംഹാരം

# ആമുഖം

മീനച്ചിൽ താലൂക്കിന്റെ കിഴക്കൻമേഖലയിൽ മണ്ണിനോട് മല്ലടിക്കുന്ന കുടിയേറ്റ സമൂഹത്തിന്റെ വിയർപ്പുകണങ്ങൾ ഫലമണിയിച്ചു നിൽക്കുന്ന പ്രകൃതിരമണീയമായ സുന്ദരഗ്രാമമാണ് തീക്കോയി. വിദ്യാസമ്പാദനത്തിനുള്ള ഇന്നാട്ടുകാരുടെ ചിരകാലസ്വപ്നം സാക്ഷാത്കരിക്കപ്പെട്ടതാണ് വിജ്ഞാനത്തിന്റെ ദീപശിഖയേന്തി നിലകൊള്ളുന്ന സെന്റ്. മേരീസ് എൽ.പി. സ്കൂൾ. ജാതി, മത, വിവേചനമില്ലാതെ സാഹോദര്യത്തിന്റെ നിറവിൽ സമൂഹത്തിന്റെ എല്ലാ തലമുറകളിലുമുള്ളവർക്ക് വിദ്യ നൽകി മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ അന്നത്തെ പള്ളി വികാരിയായിരുന്ന ബഹു.സെബാസ്റ്റ്യൻ പുറക്കരയിൽ അച്ചന്റെ നേതൃത്വത്തിൽ 1927-ൽ ഒന്നും രണ്ടും മൂന്നും ക്ലാസ്സുകളോടുകൂടിയ ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. 1930-ൽ നാലു ക്ലാസ്സുകളോടു കൂടിയ ഒരു സമ്പൂർണ്ണ പ്രൈമറി സ്കൂൾ ആയി. അത്യദ്ധ്വാനികളായ പൂർവ്വീകരുടെ ഭഗീരഥ പ്രയത്നത്തിന്റെയും, ദേശസ്നേഹത്തിന്റെയും, വിജ്ഞാന ദാഹത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന ഈ സ്കൂളിൽ ഇപ്പോൾ 10 ഡിവിഷനുകളിലായി 213 കുട്ടികൾ അധ്യയനം നടത്തിവരുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 11 അധ്യാപകർ ഇവിടെ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും താങ്ങും തണലുമായി നിൽക്കുന്ന ഒരു പി.റ്റി.എ യാണ് നമുക്കുള്ളത്. പി.റ്റി.എ -യുടെയും നല്ലവരായ നാട്ടുകാരുടെയും സഹകരണവും പ്രോത്സാഹനവും പാഠ്യപാഠ്യേതര രംഗങ്ങളിൽ മുന്നേറുന്നതിന് സ്കൂളിനെ പ്രാപ്തമാക്കുന്നു എന്നത് എടുത്തു പറയത്തക്ക സവിശേഷതയാണ്.

2025-2026

| ആറാം അധ്യയനദിനം 10 ജൂൺ 2025 | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | |
| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ. ബി. സി. | | | മുന്നോക്ക | | | എ. പി. എൽ | | | ബി. പി. എൽ | | |
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 2 | 12 | 22 | 34 | 0 | 1 | 1 | 1 | 0 | 1 | 2 | 4 | 6 | 6 | 8 | 14 | 4 | 9 | 13 | 0 | 0 | 0 | 2 | 8 | 10 | 10 | 14 | 24 |
| 2 | 2 | 33 | 23 | 56 | 1 | 2 | 3 | 0 | 3 | 3 | 5 | 1 | 6 | 16 | 11 | 27 | 11 | 5 | 16 | 0 | 2 | 2 | 22 | 10 | 32 | 11 | 13 | 24 |
| 3 | 3 | 32 | 30 | 62 | 4 | 2 | 6 | 2 | 0 | 2 | 3 | 4 | 7 | 13 | 11 | 24 | 12 | 11 | 23 | 0 | 2 | 2 | 14 | 14 | 28 | 18 | 16 | 34 |
| 4 | 3 | 31 | 30 | 61 | 0 | 2 | 2 | 0 | 1 | 1 | 3 | 4 | 7 | 16 | 10 | 26 | 11 | 11 | 22 | 1 | 2 | 3 | 16 | 14 | 30 | 15 | 16 | 31 |
| ആകെ | | 108 | 105 | 213 | 5 | 7 | 12 | 3 | 4 | 7 | 13 | 13 | 26 | 51 | 40 | 91 | 38 | 36 | 74 | 1 | 6 | 7 | 54 | 46 | 100 | 54 | 59 | 113 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ്, സിക്ക്, ബുദ്ധിസ്റ്റ്, സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 6 | 4 | 10 | 6 | 18 | 24 | 0 | 0 | 0 | 0 | 0 | 0 | 12 | 22 | 34 |
| 2 | 4 | 4 | 8 | 29 | 19 | 48 | 0 | 0 | 0 | 0 | 0 | 0 | 33 | 23 | 56 |
| 3 | 8 | 5 | 13 | 24 | 25 | 49 | 0 | 0 | 0 | 0 | 0 | 0 | 32 | 30 | 62 |
| 4 | 5 | 6 | 11 | 26 | 24 | 50 | 0 | 0 | 0 | 0 | 0 | 0 | 31 | 30 | 61 |
| ആകെ | 23 | 19 | 42 | 85 | 86 | 171 | 0 | 0 | 0 | 0 | 0 | 0 | 108 | 105 | 213 |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം


ST. MARY'S L.P.S. TEEKOY
LSS WINNERS-2024-25
JIYA ROSE JINO
AMAL MANOJ
ANET BIJU
ARADHYA K A
DENCE M SANTHOSH
ANDRIYA JINESH
ANAYKRISHNA AKHIL
DEON TOM
JOYIS ROOPESH
LIRON KURIAKOSE ALEX
ANGEL PRATHEESH
JOE JOSEPH SHIBU
WINNER
WINNER
NIVED SHYBU
AUMNSHI S
PRARTHANAMOL VIJO
തുടർച്ചയായി 9-ാം വർഷവും
ഈരാറ്റുപേട്ട സബ് ജില്ലയിൽ
ഏറ്റവും കൂടുതൽ LSS കരസ്ഥമാക്കി
നമ്മുടെ സ്കൂൾ ഒന്നാമത്
Congratulations
Management, PTA & Staff

## പരിമിതികൾ

1. കമ്പ്യൂട്ടറിന്റെ കുറവുമൂലം പഠനപ്രവർത്തനങ്ങളിൽ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

2. എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും കൈവരിക്കാൻ കഴിയുന്നില്ല.

3.രക്ഷിതാക്കൾക്ക് പരീക്ഷയ്ക്ക് മാർക്ക് മതി എന്ന കാഴ്ചപ്പാട്.

4.ശൗചാലയം ആധുനിക രീതിയിലുള്ളതല്ല.

5.കായിക പരിശീലനത്തിന് അധ്യാപകരില്ല.

6.സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തേണ്ടതുണ്ട്.

7. നിലവിലുള്ള മൂല്യനിർണ്ണയ ചോദ്യപേപ്പറുകൾ എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്ക് അനുയോജ്യമല്ല.

## പൊതുലക്ഷ്യങ്ങൾ

1.സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പുവരുത്തുക.

2. പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക രക്ഷാകർത്തൃ സംഘടനകൾ പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

3. കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും, കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുള്ള കഴിവ് ഉറപ്പാക്കുക.

5. ക്ലാസ്സ് പി.റ്റി.എ സജീവമാക്കുകയും രക്ഷകർത്താക്കളുടെ അഭിപ്രായങ്ങൾ ആരായുകയും അവരെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.

6. ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും, പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.

7. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

8.പ്ലാസ്റ്റിക് മുക്ത- കീടനാശിനി മുക്ത- ലഹരിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.

9.പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.

10.നാലാം ക്ലാസിലെ പരമാവധി കുട്ടികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ് നേടിക്കൊടുക്കുക.

11. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാവുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

1. പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

2. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾആർജ്ജിക്കുന്നതുപോലുള്ള മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

3.എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യഅവസരങ്ങൾ സൃഷ്ടിക്കൽ.

4. കുട്ടികളുടെ മികവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കാനുള്ള അവസരം നൽകൽ.

5. സ്നേഹം, സഹകരണം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താനുള്ള സാഹചര്യം സൃഷ്ടിക്കൽ.

6.പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

7.വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കുകയും കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുകയും ചെയ്യൽ.

8. കാർഷികസംസ്കാരമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുകയും മദ്യത്തിനും മയക്കുമരുന്നിനുമെതിരായ മനോഭാവം പുതുതലമുറയിൽ വളർത്തുകയും ചെയ്യൽ.

9.പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതും വരും തലമുറയ്ക്ക് കൈമാറേണ്ടതുമാണ് എന്ന ബോധ്യം വളർത്തൽ.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭ പോഷണ പരിപാടി
- പഠനയാത്രകൾ
- ഔഷധ സസ്യത്തോട്ടം
- സെമിനാറുകൾ
- ഒന്നാം ക്ലാസ് ഒന്നാം തരം
- കലാ കായിക മേള
- ഐ ടി പരിശീലനം
- പച്ചക്കറിത്തോട്ടം
- പ്രവർത്തി പരിചയ പഠനം
- റ്റേം മൂല്യനിർണ്ണയം
- നിരന്തരവിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം
- മെഡിക്കൽ ക്യാമ്പ്
- എസ് ആർ ജി ശാക്തീകരണം
- ക്ലാസ് പി ടി എ സജീവമാക്കൽ
- സ്കൂൾ മാസിക
- അഭിമുഖങ്ങൾ
- പോഷകാഹാരപരിപാടി
- ഗണിത ലാബ്
- ക്ലാസ് ലൈബ്രറി
- വർണപന്തരം
- Spelling Top

## ഭൗതികം

- ചുറ്റുമതിൽ
- ടോയ്‌ലറ്റ്
- കളിസ്ഥലം
- ക്ലാസ് മുറികൾ
- ലൈബ്രറി
- കുടിവെള്ള വിതരണം
- മാലിന്യസംസ്കരണം
- ജന്മദിനത്തിനൊരു പുസ്തകം
- ചിത്രരചന
- എന്റെ വീട്ടിലും ഒരുകൃഷിത്തോട്ടം
- വീട്ടിലെ പൂന്തോട്ടം

## സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- എസ്.എസ്.ജി
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- ക്ലാസ്സ് പി.ടി.എ. മാതൃകപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയമികവുകൾ പൊതുസമൂഹവുമായിപങ്കിടൽ
- റിസോഴ്സ് മാപ്പിങ്ങ്
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ
- ഭവന സന്ദർശനം
- പ്രാദേശിക പി.റ്റി.എ

## മേഖല : അക്കാദമികം

| ഉപമേഖല : ഇംഗ്ലീഷ് | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ സമ്പത്തിക വിശകലനം |
| 1.എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ<br>പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>ഇംഗ്ലീഷിലുള്ള അസംബ്ലി<br>ഒരുദിവസം ഒരു ഭാഷ പരിപാടി<br>ക്ലാസ്സ് ലൈബ്രറി, വായന സാമഗ്രികൾ, ലഘു വായന പുസ്തകം, പത്രം, വായനക്കാർഡ്<br>ഭാഷാകേളികൾ<br>പതിപ്പുകൾ മാഗസിനുകൾ | ജൂൺ - മാർച്ച് ദീർഘം | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രഥമാധ്യാപിക, എസ് ആർ ജി , പി ടി എ | ലൈബ്രറി പുസ്തക - ങ്ങൾ, പ്രൊജക്ടർ | **DIET,PTA RS.1000/-** |
| 2.ഇംഗ്ലീഷ് ഭാഷ പഠനത്തിൽ സവിശേഷ വൈവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഡിക്ഷണറി നിർമ്മാണം<br>ഇംഗ്ലീഷിലുള്ള രചന മത്സരങ്ങൾ<br>ഹലോ ഇംഗ്ലീഷ് പ്രോഗ്രാം<br>ദിനാചരണങ്ങൾ<br>വിവിധ വ്യവഹാര രൂപങ്ങളുടെ അവതരണം | ജൂൺ - മാർച്ച് ദീർഘം | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രഥമാധ്യാപിക, എസ് ആർ ജി , പി ടി എ | ലൈബ്രറി പുസ്തക - ങ്ങൾ, പ്രൊജക്ടർ | **DIET, PTA, BRC** |
| 3.കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക | അക്ഷര കാർഡ് നൽകൽ<br>പദകാർഡ്<br>വാക്യക്കാർഡ്<br>പസിലുകൾ ,റിഡിൽസ്<br>അടിക്കുറിപ്പ് | ജൂൺ - ഡിസംബർ മധ്യം | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രഥമാധ്യാപിക, എസ് ആർ ജി , പി ടി എ | ലൈബ്രറി പുസ്തക ങ്ങൾ, പ്രൊജക്ടർ | DIET PTA BRC IED TRAINER |

| | | | | | |
|---|---|---|---|---|---|
| | ചിത്രം നോക്കി കഥ പറയൽ | | ക്ലാസ്സ് ടീച്ചർ | | PTA,BRC. IED TRAINER |
| | ചിത്രം നോക്കി കഥ എഴുതൽ | | | | |
| | പ്രൊജക്ടറിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | | | | |
| | കഥാപുസ്തകം നൽകൽ | | | | |
| | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | | | | |
| 4. ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആവശ്യങ്ങളിലും മനോഭാവങ്ങ-ളിലും പരിമിതിയുള്ള കുട്ടികളെ അതു മറികടക്കാൻ പിന്തുണ നൽകുക, മുന്നോക്കക്കാരെ കൂടുതൽ മികവിലേക്ക് നയിക്കുക. | അക്ഷരം ഉറപ്പിക്കൽ | ജൂൺ - ഫെബ്രുവരി ഹ്രസ്വം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രഥമാ ധ്യാപിക,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തകങ്ങൾ, പ്രൊജക്ടർ E-content chart | DIET , PTA, BRC |
| | മിംഗ്ലിങ്ങ് വാക്കുകൾ പരിശീലിപ്പിക്കുക | | | | |
| | കേട്ടെഴുത്ത് | | | | |
| | പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ | | | | |
| | വരികൾ കൂട്ടിച്ചേർക്കൽ | | | | |
| | പസിൽസ്, റിഡിൽസ് | | | | |
| | സംഭാഷണങ്ങൾ തയ്യാറാക്കൽ | | | | |
| | Misspelt words ,Rearrange the words to make a meaningful sentences **Spelling Top** | | | | |
| 5.ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ഇംഗ്ലീഷ് ഉച്ചാരണം പരിചയപ്പെടുത്തൽ | ജൂലൈ - ഫെബ്രുവരി ഹ്രസ്വം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രഥമാ ധ്യാപിക,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തകങ്ങൾ, പ്രൊജക്ടർ E-content chart | DIET , PTA, |
| | ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കൽ | | | | |
| | സ്കിറ്റ് അവതരണം | | | | |
| | ഗെയിംസ് | | | | |
| | പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം നൽകുന്നു | | | | |
| | കാർട്ടൂൺ കാണിക്കുക | | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 6. ലോകഭാഷ എന്ന നിലയിൽ വായനയിലൂടെയുള്ള അറിവ് സ്വാംശീകരിക്കുന്നതിനുള്ള മാർഗമായ ഇംഗ്ലീഷ് ഭാഷയിൽ കഴിവ് നേടുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | ജൂൺ - മാർച്ച് ദീർഘലം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രഥമാധ്യാപിക,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തകങ്ങൾ, പ്രൊജക്ടർ | BRC<br>DIET<br>PTA |
| | വായന മൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | | | |
| | സ്കൂൾ ലൈബ്രറി നവീകരിക്കൽ | | | | |
| | വായനോത്സവം സംഘടിപ്പിക്കൽ | | | | |
| | പത്രവായന | | | | |
| | പുസ്തക ചർച്ച | | | | |
| | വായനാനുഭവം പങ്കുവയ്ക്കൽ | | | | |
| | വായനാകുറിപ്പ് | | | | |

| മലയാളം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ,സാമ്പത്തിക വിശകലനം |
| 1. എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുള്ള ശേഷി വികസിപ്പി-ക്കൽ | പഠനനില കണ്ടെത്തൽ | ജൂൺ - മാർച്ച് ദീർഘലം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രഥമാധ്യാപിക ,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തക-ങ്ങൾ, പ്രൊജക്ടർ | BRC,<br>DIET,<br>PTA<br>സാമൂഹ്യപ്രവർത്തകർ<br>RS1000/- |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | | | | |
| | മലയാളത്തിലുള്ള അസംബ്ലി | | | | |
| | ഒരു ദിവസം ഒരു ഭാഷാ പരിപാടി | | | | |
| | ക്ലാസ് ലൈബ്രറി, വായന സാമഗ്രികൾ, ലഘുവായ പുസ്തകം | | | | |
| | പതിപ്പുകൾ, മാഗസിനുകൾ | | | | |
| | മലയാളത്തിലുള്ള ഡയറികുറിപ്പ്,വായനാ മൂല | | | | |
| | സചിത്ര ബുക്ക് | | | | |

| | | | | | |
|---|---|---|---|---|---|
| 2.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമിക്കുക<br>ചിത്രം അടിക്കുറിപ്പ്<br>ചിത്രം നോക്കി കഥ പറയൽ<br>ചിത്രം നോക്കി കഥ എഴുതൽ<br>കഥാപുസ്തകം നൽകൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>വർണ്ണ പമ്പരം | ജൂലൈ - ഫെബ്രുവരി ഹ്രസ്വം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രഥമാധ്യാപിക,എസ് ആർ ജി, പി ടി എ | | BRC<br>DIET<br>PTA<br>IED<br>TRAINER |
| 3. വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ മലയാളഭാഷയിൽ കഴിവ് നേടുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായന മൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്ര വായന<br>പുസ്തക ചർച്ച വായനാനുഭവം പങ്കുവെക്കൽ<br>വായനാകുറിപ്പ്<br>പതിപ്പ്<br>വിദ്യാരംഗം കലാസാഹിത്യ വേദി | ജൂലൈ - ജനുവരി മധ്യം | ക്ലാസ്സ് ടീച്ചർ, മലയാളം ടീച്ചർ, പ്രഥമാധ്യാപിക, പിടിഎ, എസ് ആർ ജി | ക്ലാസ്സ്,സ്കൂൾ ലൈബ്രറി, പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, സിഡി | BRC,<br>DIET,<br>SCERT,<br>PTA,<br>സാമൂഹിക പ്രവർത്തകർ |

| | | | | | |
|---|---|---|---|---|---|
| | പ്രവർത്തനം<br>ക്ലാസ് സഭ സ്കൂൾ സഭ, ബാലസഭ, ദിനാചരണങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>E-വായന<br>വായന സാമഗ്രികൾ വികസിപ്പിക്കൽ<br>വായനോത്സവം<br>റീഡേഴ്സ് തിയേറ്റർ<br>പാട്ടരങ്ങ്<br>പ്രഭാത സർഗ്ഗവേള<br>കാവ്യോത്സവം | | | | PTA, TEACHERS |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പുസ്തക ചർച്ച<br>ക്ലാസ് ലൈബ്രറി<br>വായനക്കുറിപ്പ്<br>പതിപ്പ് തയാറാക്കൽ<br>രചനാ പരിചയക്കുറിപ്പ്<br>വായനാക്കുറിപ്പ് | ജൂൺ -മാർച്ച്<br>ദീർഘം | മലയാളം ടീച്ചർ, എസ് ആർ ജി | ലൈബ്രറി | BRC, DIET |
| | ബാലസഭ<br>പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>സംയുക്ത ഡയറി<br>സർഗാത്മക ഡയറി<br>പഠനച്ചെപ്പ് | | പ്രഥമാധ്യാപിക, മലയാളം ടീച്ചർ, എസ് ആർ ജി | പുസ്തകങ്ങൾ | SCERT PTA |

| | | | | | |
|---|---|---|---|---|---|
| | സ്വന്തമായി വായനാ കാർഡ് തയ്യാറാക്കൽ | | മലയാളം ടീച്ചർ, പ്രഥമാധ്യാപിക, എസ് ആർ ജി | ജീവചരിത്ര പുസ്തകങ്ങൾ, ഗ്രന്ഥശാല, ഫോട്ടോകൾ, പുസ്തകങ്ങൾ | BRC, PTA, TEACHERS, ജനപ്രതിനിധികൾ |
| | വ്യക്തിഗത രചന സംഘരചന | | | | |
| | കവിതാരചന | | | | |
| | വിവിധ വ്യവഹാരരൂപങ്ങൾ അവതരണം | | | | |
| | രചയിതാക്കളെ പരിചയപ്പെടൽ | | | | |
| | എന്റെ കഥാബുക്ക് | | | | |
| | കടങ്കഥകൾ, അനുഭവങ്ങൾ, പത്രവാർത്ത | | | | |
| | കൈയെഴുത്തു മാസിക | | | | |
| | സചിത്ര നോട്ട്ബുക്ക് | | | | |

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ഗണിത വിജയം ) | പ്രീ ടെസ്റ്റ് | ജൂലൈ - മാർച്ച് ദീർഘകാലം | കണക്ക് ടീച്ചർ, എസ് ആർ ജി | ഗണിത ലാബ്, ലൈബ്രറി പുസ്തകങ്ങൾ, INTERNET | DIET, PTA, BRC, RS.1000 |
| | സംഖ്യകൾ ഉറപ്പിക്കൽ | | | | |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ | | | | |
| | സംഖ്യാകാർഡുകൾ നൽകൽ | | | | |
| | സംഖ്യാ ചിത്രങ്ങൾ | | | | |
| | സ്ഥാനവില ഉറപ്പിക്കൽ | | | | |
| | അബാക്കസ് | | | | |
| | ഗണിത കേളികൾ | | | | |
| | സംഖ്യാ ചക്രങ്ങൾ | | | | |
| | സംഖ്യാ പാറ്റേൺ നിർമ്മാണം | | | | |

| | | | | | |
|---|---|---|---|---|---|
| | കൾ ഉറപ്പിക്കൽ<br>വർക്ക് ഷീറ്റുകൾ, സംഖ്യാ ഗാനങ്ങൾ<br>സമയം, കലണ്ടർ അളവുകൾ- ഇവയിൽ അറിവു നൽകൽ<br>ജ്യാമിതീയ രൂപങ്ങൾ- ധാരണ നൽകൽ | | | | |
| 2.ഗണിത ക്ലബ്ബിലൂടെ ഗണിതപഠനം രസകരമാക്കൽ | യുക്തി ചിന്ത വളർത്തൽ<br>ഗണിത ക്വിസ്<br>ഗണിത പസിൽസ്<br>പ്രായോഗിക പ്രശ്നങ്ങളുടെ പരിഹരണം<br>ഗണിത പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം<br>ഗണിത പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തൽ<br>ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തൽ | ഒക്ടോബർ- ജനുവരി മധ്യം<br>(3 മാസത്തിലൊരിക്കൽ)<br>ജൂലൈ- ഡിസംബർ (മാസത്തിലൊരിക്കൽ) | പ്രധാനാധ്യാപിക, കണക്ക് ടീച്ചർ, എസ്.ആർ.ജി, പി.ടി.എ | ഗണിത ലാബ്, ലൈബ്രറി പുസ്തകങ്ങൾ, ഇന്റർനെറ്റ് | BRC, DIET, അധ്യാപകർ |
| 3.ഗണിതലാബ് പരിപോഷിപ്പിക്കൽ | പഠനോപകരണ നിർമ്മാണം<br>രൂപങ്ങളും വസ്തുക്കളും ശേഖരിക്കൽ<br>അളവു പാത്രങ്ങൾ നിർമ്മാണം, ശേഖരണം<br>സ്ഥാനവില പോക്കറ്റ് | ജനുവരി മാർച്ച് ഹ്രസ്വം | പ്രധാനാധ്യാപിക, കണക്ക് ടീച്ചർ, എസ്.ആർ.ജി, പി.ടി.എ | ഗണിത ലാബ്, ലൈബ്രറി പുസ്തകങ്ങൾ, ഇന്റർനെറ്റ് | BRC, DIET, PTA |

| | | | | | |
|---|---|---|---|---|---|
| | നോട്ടുകളും നാണയങ്ങളും ശേഖരിക്കൽ,<br>ക്ലോക്ക് നിർമ്മാണം | | | | |
| | മീറ്റർ സ്കെയിൽ | | | | |
| | ത്രാസ് | | | | |
| | ഗണിത പഠനത്തിനാവശ്യമായ ഗണിത റഫറൻസ് ബുക്കുകൾ,<br>വർക്കിംഗ് മോഡലുകൾ,<br>ഗണിത ചിത്രങ്ങൾ ഇവ ശേഖരിക്കൽ | | | | |
| | ടാൻഗ്രാം നിർമ്മാണം | | | | |
| 4 ഗണിത ശാസ്ത്ര പ്രതിഭാ പുരസ്കാരം | ഗണിത ശാസ്ത്ര പഠനത്തിൽ മികവു തെളിയിച്ച കുട്ടികളെ കണ്ടെത്തി സമ്മാനം നൽകുന്നു | ഫെബ്രുവരി-മാർച്ച് ഹ്രസ്വം | HM, Staff | സമ്മാനങ്ങൾ | P.T.A<br>H.M |

| ഉപമേഖല: ശാസ്ത്ര പഠനം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ, സാമ്പത്തിക വിശകലനം |
| 1. പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും, പഠന നേട്ടമുറപ്പാക്കുന്നതിനും, എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ. | പഠനത്തിൽ സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ-മാർച്ച്<br>ദീർഘം | അധ്യാപകർ<br>എച്ച്.എം., എസ്.ആർ.ജി കൺവീനർ, പി.ഇ.സി. | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസികകൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് | B.R.C, Panchayath Rs.10000/- |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേ ണ്ടവ എന്ന് തരം തിരിക്കൽ. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ | | | | |
| | സാമഗ്രികൾ വാങ്ങൽ | | | | |
| | പി.ടി.എ.യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം, സാമഗ്രികളുടെ ശേഖരണം | | | | |
| | ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ | | | | |
| | സ്കൂൾ ലാബ് സജ്ജമാക്കൽ, ക്ലാസ്സ് മുറി | | | | |

| | | | | | |
|---|---|---|---|---|---|
| | യിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ, പാഠം, എത് ക്ലാസ്സിൽ ഉപയോഗിക്കുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ<br>ശാസ്ത്രമൂല ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം<br>ഒന്നുമുതൽ നാലുവരെ ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ | ജൂൺ-മാർച്ച്<br>ദീർഘം | എച്ച്.എം., എസ്.ആർ.ജി കൺവീനർ, പി.ഇ.സി. | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസികകൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് | B.R.C, Panchayath |
| 2.ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക | ഔഷധത്തോട്ട പ്രവർത്തനങ്ങൾ<br>ശാസ്ത്രപുസ്തകങ്ങൾ<br>ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ<br>ശാസ്ത്ര ടിപ്പുകൾ | മധ്യം | പി.ടി.എ, എച്ച്.എം. ചുമതലപ്പെടുത്തുന്ന അധ്യാപകൻ | ശാസ്ത്രമൂല, ലാബ്, പുസ്തകങ്ങൾ, ലൈബ്രറി, Projector | MLA Fund Rs. 25000/- |
| 3. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണ നിരീക്ഷണങ്ങൾ<br>ഔഷധത്തോട്ട പ്രവർത്തനങ്ങൾ<br>ശാസ്ത്ര പതിപ്പുകൾ<br>ദിനാചരണങ്ങൾ, ശാസ്ത്ര ഉപകരണങ്ങളുടെ പ്രവർത്തന വിശദീകരണം | മധ്യം | എച്ച്.എം., എസ്.ആർ.ജി കൺവീനർ, ക്ലാസ്സ് അധ്യാപകർ, പി.ഇ.സി. | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസികകൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് | B.R.C, P.T.A |
| 4. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുവാനുള്ള അനുഭവം ഒരുക്കുക | ക്വിസ് പ്രോഗ്രാമുകൾ<br>ഔഷധ മരുന്നുകൾ നിർമിക്കൽ | ഹ്രസ്വം | എച്ച്.എം., എസ്.ആർ.ജി കൺവീനർ, ക്ലാസ്സ് അധ്യാപകർ | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസി | B.R.C, P.T.A |

| | | | | | |
|---|---|---|---|---|---|
| | വിത്തുകൾ ശേഖരിച്ചു കൈമാറ്റം | | പി.ഇ.സി | കകൾ പുസ്തകങ്ങൾ INTERNET | |
| | ഔഷധസസ്യ ശേഖരണം | | | | |
| | പരീക്ഷണ നിരീക്ഷണങ്ങൾ | | | | |
| | ശാസ്ത്രഉപകരണങ്ങളുടെ പ്രവർത്തന വിശദീകരണം | | | | |
| | വീട്ടിൽ ഒരു പച്ചക്കറിതോട്ടം, ഔഷധതോട്ടം | | | | |
| | മികച്ചതിനെ പ്രോത്സാഹിപ്പിക്കൽ | | | | |
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിൽ | ഇന്റർനെറ്റ് ഉപയോഗിച്ചുള്ള ക്ലാസുകൾ | ദീർഘം | ക്ലാസ് ടീച്ചർ, ,പ്രഥമാദ്ധ്യാപിക, എസ് ആർ ജി, പി.ഇ.സി | LCD Projector | MP FUND PTA Management Rs.40000/- |

## പ്രവർത്തനങ്ങൾ – ക്രോഡീകരണം

| മലയാളം | | |
|---|---|---|
| **ഹ്രസ്വം** | **മധ്യം** | **ദീർഘം** |
| 1. പ്രീ ടെസ്റ്റ് | 1. ക്ലാസ്സ് വായനാക്കൂട്ടം ശക്തീകരിക്കൽ | 1. പഠനനില കണ്ടെത്തൽ |
| 2. അക്ഷരം ഉറപ്പിക്കൽ | 2. വായനാമൂല, ക്ലാസ്സ് ലൈബ്രറി ശക്തീകരിക്കൽ | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് - വർണ്ണപമ്പരം |
| 3. അടയാളം ഉറപ്പിക്കൽ | 3. സ്കൂൾ ലൈബ്രറി നവീകരിക്കൽ | 3. മലയാളത്തിലുള്ള അസംബ്ലി |
| 4. അക്ഷരകാർഡ് നൽകൽ | 4. വായനോത്സവം സംഘടിപ്പിക്കൽ | 4. ക്ലാസ് ലൈബ്രറി |
| 5. വാക്കുകൾ എഴുതിയ കാർഡ് | 5. പത്ര വായന | 5. വായനാ സാമഗ്രികൾ |
| 6. വാക്കുകൾ നിർമ്മിക്കുക | 6. പുസ്തക ചർച്ച | 6. ലഘുവായനാ പുസ്തകം |
| 7. ചിത്രം - അടിക്കുറിപ്പ് | 7. വായനാനുഭവം പങ്കുവെക്കൽ | 7. പതിപ്പുകൾ |
| 8. ചിത്രം നോക്കി - കഥ പറയൽ | 8. വായനാകുറിപ്പ് | 8. മാഗസിനുകൾ |
| 9. ചിത്രം നോക്കി - കഥ എഴുതൽ | 9. പതിപ്പ് | 9. മലയാളത്തിലുള്ള ഡയറികുറിപ്പ് |
| 10. കഥാപുസ്തകം നൽകൽ | 10. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ | 10. വായനാമൂല തയ്യാറാക്കൽ |
| 11. സി.ഡി യിൽ ഒരു പുസ്തകം നൽകി വാക്യങ്ങൾ എഴുതൽ | 11. ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ | 11. പുസ്തക ചർച്ച |
| 12. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 12. ദിനാചരണങ്ങൾ | 12. ക്ലാസ് ലൈബ്രറി |
| | 13. E- വായന | 13. വായനാ കുറിപ്പ് പതിപ്പ് |
| | 14. ആനുകാലിക പ്രസിദ്ധീകരണങ്ങ ളും വായനയും | 14. കൈയെഴുത്തുമാസിക |
| | 15. ആസ്വാദ്യകരമായ വായന | 15. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ |
| | 16. വായനാ സാമഗ്രികൾ വികസിപ്പിക്കൽ | 16. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് |
| | 17. പുസ്തകം ഒരുക്കൽ | 17. ബാലസഭ, കടംകഥകൾ |
| | 18. വായനാക്കൂട്ടം | 18. പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം |
| | 19. മോണിറ്ററിംഗ് | 19. കവിതാ രചന രചയിതാക്കളെ പരിചയപ്പെടൽ |
| | 20. കാവ്യക്കൂട്ടം | 20. പത്ര വാർത്ത |
| | | 21. സചിത്ര ബുക്ക് |
| | | 22. സർഗാത്മക ഡയറി |
| | | 23. വായനോത്സവം |
| | | 24. കാവ്യോത്സവം |

| ഗണിതം | | |
|---|---|---|
| ഹ്രസ്വം | മധ്യം | ദീർഘം |
| 1. പഠനോപകരണ നിർമ്മാണം<br>2. രൂപങ്ങളും വസ്തുക്കളും ശേഖരിക്കൽ<br>3. അളവു പാത്രങ്ങൾ നിർമ്മാണം, ശേഖരണം<br>4. സ്ഥാനവില പോക്കറ്റ്<br>5. നോട്ടുകളും, നാണയങ്ങളും ശേഖരിക്കൽ<br>6. ക്ലോക്ക് നിർമ്മാണം<br>7. മീറ്റർ സ്കെയിൽ<br>8. ത്രാസ്<br>9. ഗണിതപഠനത്തിന് ആവശ്യമായ ഗണിത റഫറൻസ് ബുക്കുകൾ,വർക്കിംഗ് മോഡലുകൾ, ഗണിത ചിത്രങ്ങൾ ഇവ ശേഖരിക്കൽ<br>10. ടാൻഗ്രാം നിർമ്മാണം<br>11. ഗണിത ശാസ്ത്ര പഠനത്തിൽ മികവു തെളിയിച്ച കുട്ടികളെ കണ്ടെത്തി സമ്മാനം നൽകുന്നു. | 1. പ്രായോഗിക പ്രശ്നങ്ങളുടെ പരിഹരണം<br>2. ഗണിത പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം<br>3. ഗണിത പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തൽ<br>4. ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തൽ | 1. പ്രീടെസ്റ്റ്<br>2. സംഖ്യകൾ ഉറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. സംഖ്യാ കാർഡുകൾ നൽകൽ<br>5. സംഖ്യാ ചിത്രങ്ങൾ<br>6. സ്ഥാനവില ഉറപ്പിക്കൽ<br>7. അബാക്കസ്<br>8. ഗണിതകളികൾ<br>9. ഗണിതത്തിൽ പിന്നോക്കം നിൽക്കുവർക്ക് പ്രത്യേക ക്ലാസ്<br>10. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>11. വർക്ക്ഷീറ്റുകൾ<br>12. സംഖ്യാഗാനങ്ങൾ<br>13. സമയം, കലണ്ടർ അളവുകൾ ഇവയിൽ അറിവു നൽകൽ<br>14. ജ്യാമിതീയ രൂപങ്ങൾ ധാരണ നൽകൽ<br>15. യുക്തിചിന്ത വളർത്തൽ<br>16. ഗണിത ക്വിസ്<br>17. ഗണിത പസിൽസ് |

| ഇംഗ്ലീഷ് | | |
|---|---|---|
| ഹ്രസ്വം | മധ്യം | ദീർഘം |
| 1. അക്ഷരം ഉറപ്പിക്കൽ<br>2. മിസ്സിങ് വാക്കുകൾ പരിശീലിപ്പിക്കുക<br>3. കേട്ടെഴുത്ത്,<br>4. പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ<br>5. വരികൾ കൂട്ടിച്ചേർക്കൽ<br>6. പസ്സിൽസ്<br>7. സംഭാഷണങ്ങൾ തയ്യാറാക്കൽ<br>8. ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കൽ<br>9. ഇംഗ്ലീഷ് ഉച്ചാരണം പരിചയപ്പെടുത്തൽ<br>10. കാർട്ടൂണുകൾ കാണിക്കുക<br>11. സ്കിറ്റ് അവതരണം<br>12. ഗെയിംസ്<br>13. പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം നൽകുന്നു.<br>14. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ | 1. അക്ഷര കാർഡ് നൽകൽ<br>2. വാക്കുകൾ എഴുതിയകാർഡ്<br>3. വാക്കുകൾ നിർമ്മിക്കുക<br>4. ചിത്രം- അടിക്കുറപ്പ്<br>5. ചിത്രം നോക്കി കഥ പറയൽ<br>6. ചിത്രം നോക്കി കഥ എഴുതൽ<br>7. കഥാപുസ്തകം നൽകൽ<br>8. സി.ഡി.യിൽ ഒരു ചിത്രം നൽകി. വാക്യങ്ങൾ എഴുതൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>10. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ | 1. പഠന നില കണ്ടെത്തൽ<br>2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ<br>3. ഇംഗ്ലീഷിലുള്ള അസംബ്ലി<br>4. ഒരു ദിവസംഒരു ഭാഷാ പരിപാടി<br>5. ക്ലാസ്സ് ലൈബ്രറി<br>6. വായനാ സാമഗ്രികൾ<br>7. ലഘുവായനാ പുസ്തകം,പത്രം<br>8. പതിപ്പുകൾ<br>9. മാഗസിനുകൾ<br>10. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്<br>11. ഡിക്ഷണറി നിർമ്മാണം<br>12. ഇംഗ്ലീഷിലുള്ള രചനാ മത്സരങ്ങൾ<br>13. ഹലോ ഇംഗ്ലീഷ് പ്രോഗ്രാം<br>14. ദിനാചരണങ്ങൾ<br>15. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>16. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>17. വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ.<br>18. വായനോത്സവം സംഘടിപ്പിക്കൽ<br>19. പത്രവായന<br>20. ഓരോ ടേമിലും കുട്ടികളെ കുറിച്ചുള്ള സിനിമ<br>21. പുസ്തക ചർച്ച<br>22. വായനാനുഭവം പങ്കുവെയ്ക്കൽ<br>23. വായനാക്കുറിപ്പ് |

| ശാസ്ത്ര പഠനം | | |
|---|---|---|
| ഹ്രസ്വം | മധ്യം | ദീർഘം |
| 1. ക്വിസ് പ്രോഗ്രാമുകൾ<br>2. ഔഷധ മരുന്നുകൾ നിർമ്മിക്കൽ<br>3. പരീക്ഷണ നിരീക്ഷണങ്ങൾ<br>4. വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം<br>5. മികച്ചതിനെ പ്രോത്സാഹിപ്പിക്കൽ | 1. ഔഷധത്തോട്ട പ്രവർത്തനങ്ങൾ<br>2. ശാസ്ത്രപുസ്തകങ്ങൾ<br>3. ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ<br>4. ശാസ്ത്ര ടിപ്പുകൾ<br>5. പരീക്ഷണ നിരീക്ഷണങ്ങൾ<br>6. ശാസ്ത്ര പതിപ്പുകൾ<br>7. ദിനാചരണങ്ങൾ | 1. പഠനത്തിൽ സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരം തിരിക്കൽ.<br>3. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ<br>4. സാമഗ്രികൾ വാങ്ങൽ<br>5. പി.ടി.എ.യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം<br>6. സാമഗ്രികളുടെ ശേഖരണം<br>7. ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് വാങ്ങൽ<br>8. സ്കൂൾ ലാബ് സജ്ജമാക്കൽ<br>9. ക്ലാസ്സ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ പാഠം ഏത് ക്ലാസ്സിൽ ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ<br>10. ഗണിതമൂല ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം<br>11. ഒന്നുമുതൽ നാലുവരെ ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ<br>12. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള ക്ലാസ്സുകൾ |

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

# 2024 -2025 നേട്ടങ്ങൾ

- ഈരാറ്റുപേട്ട ഉപജില്ല ശാസ്ത്രോത്സവം - MEGA OVERALL

- ഗണിതശാസ്ത്രമേള - ഓവറോൾ ഫസ്റ്റ്
- സാമൂഹ്യശാസ്ത്രമേള - ഓവറോൾ ഫസ്റ്റ്
- പ്രവൃത്തി പരിചയമേള - ഫസ്റ്റ് റണ്ണറപ്പ്
- സയൻസ് മേള - ഫസ്റ്റ് റണ്ണറപ്പ്

- ഈരാറ്റുപേട്ട ഉപജില്ല കലോത്സവം - ഫസ്റ്റ് റണ്ണറപ്പ്

- ഈരാറ്റുപേട്ട ഉപജില്ല കായികമേള മാർച്ച് പാസ്റ്റ് - FIRST PRIZE

- DCL അരുവിത്തുറ മേഖല ടാലന്റ് ഫെസ്റ്റ് - OVERALL FIRST

- തീക്കോയി പഞ്ചായത്തിലെ മികച്ച കുട്ടി കർഷകൻ - അമൽ മനോജ്

- പാലാരൂപതയുടെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ 3 അവാർഡുകൾ

  1. ലാംഗ്വേജ് എംപവർ മെൻറ് പ്രോഗ്രാം -ഒന്നാം സ്ഥാനം
  2. എക്സ്ട്രാ സ്കിൽ ഡെവലപ്മെൻറ് പ്രോഗ്രാം - രണ്ടാം സ്ഥാനം
  3. മികച്ച ടീച്ചർ കോഡിനേറ്റർ

- 2024 - 25 അധ്യയന വർഷത്തിൽ 15 കുട്ടികൾക്ക് LSS സ്കോളർഷിപ്

## ഉപസംഹാരം

നവലിബറൽ സാമ്പത്തികനയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും, നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും, ശാസ്ത്രീയവും, സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഗുണമേൻമാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റണം. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും, അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായും, കരിക്കുലം വിഭാവന ചെയ്തപ്രകാരവും ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കണം.

കേരളത്തിന്റെ  നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ മാസ്റ്റർപ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---------------------